*നമ്പർ.ഇ 3/121/2022/റ്റി.സി* **ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി, 21/06/2022**

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം : – ***മോട്ടോർ വാഹന വകുപ്പ്*** – പൊതുനിരത്തുകളിൽ വാഹനങ്ങളുടെ മത്സര ഓട്ടങ്ങൾക്കെതിരെയുള്ള പരിശോധന, ‘‘ഓപ്പറേഷൻ റേസ്’’ - സംബന്ധിച്ച്

സൂചന : – ബഹു . ട്രാൻസ്പോർട് കമ്മീഷണറുടെ 21.06.2022 -ലെ ഉത്തരവ്

മത്സര ഓട്ടങ്ങൾ നമ്മുടെ പൊതുനിരത്തുകളിൽ വീണ്ടും രക്തം വീഴ്ത്തുകയാണ്. പരാജിതർ മാത്രം ഉണ്ടാകുന്ന പൊതുനിരത്തിലെ മത്സര ഓട്ടങ്ങളിൽ നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ യുവതലമുറയെയാണ്. പ്രത്യേക സുരക്ഷാസംവിധാനങ്ങളോടുകൂടി മത്സരത്തിനായി ഡിസൈൻ ചെയ്യപ്പെട്ട ട്രാക്കിൽ നടത്തേണ്ട മത്സരങ്ങൾ അപകടമായ പ്രായത്തിൽ പൊതുനിരത്തുകളിൽ മറ്റുള്ള റോഡുപയോക്താക്കളുടെ ജീവനുകൾ കൂടി അപകടത്തിൽപ്പെടുത്തുന്ന വിധത്തിൽ നടത്തുന്നത് പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാനാവില്ല.

മോട്ടോർ വാഹനവകുപ്പ് ഇത്തരം ഡ്രൈവർമാർക്കെതിരെ ഇതിനകം തന്നെ വിവിധ സമയങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. എന്നാലും കഴിഞ്ഞ ദിവസമുണ്ടായ അപകടത്തിന്റെ വെളിച്ചത്തിൽ ഇത്തരക്കാർക്കെതിരെ കൂടുതൽ നടപടികളിലേക്ക് കടക്കുകയാണ്. **ഓപ്പറേഷൻ റേസ്** എന്ന പേരിലറിയപ്പെടുന്ന ഈ പ്രത്യേക പരിശോധന 2**2/06/2022 മുതൽ 05/07/2022 വരെ** താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടത്തേണ്ടതാണ്:

1. എല്ലാ എൻഫോഴ്സ്മെന്റ്, ആർ.ടി.ഒ.,സബ് ആർ.ടി.ഓ ഓഫീസുകളിലെ

ഉദ്യോഗസ്ഥർ ഈ പരിശോധനയിൽ പങ്കെടുക്കേണ്ടതാണ്.

2. വാഹന പരിശോധന സമയത്ത് അപകടകരമായ ഡ്രൈവിംഗ് കണ്ടെത്തുന്ന കേസുകളിൽ ലൈസൻസ് സസ്പെൻഷൻ / റദ്ദ് ചെയ്യൽ തുടങ്ങിയ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വാഹനങ്ങളിൽ റോഡുസുരക്ഷയെ ബാധിക്കുന്ന അനധികൃത മാറ്റങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അവ 7 ദിവസത്തിനകം പൂർവ്വസ്ഥിതിയിലാക്കി യെന്ന് ഉറപ്പ വരുത്തേണ്ടതും, ഇല്ലാത്തപക്ഷം രജിസ്ട്രേഷൻ സസ്പെന്റ് / ക്യാൻസൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
4. പരിശോധന സമയത്ത് നിർത്താൻ കഴിയാത്തവിധം അപകടകരമായ ഡ്രൈവിംഗ് നടത്തുന്ന വാഹനങ്ങൾ /സിഗ്നൽ നൽകിയിട്ടും നിർത്താതെ പോകുന്നവ / പരാതികൾ വീഡിയോകളായി ലഭിക്കുന്ന കേസുകൾ തുടങ്ങിയവയിൽ അന്നോ തൊട്ടടുത്ത ദിവസമോ വാഹന ഉടമസ്ഥന്റെ അഡ്രസ്സിലെത്തി ചെലാൻ നൽകേണ്ടതും ലൈസൻസ് വിവരങ്ങൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
5. ഖണ്ഡിക (4) – ൽ പറഞ്ഞ വിഭാഗത്തിലെ വാഹനങ്ങൾ മറ്റൊരു ഓഫീസിന്റെ അധികാര പരിധിയിൽ വരുന്നതാണെങ്കിൽ അന്നേ ദിവസം തന്നെ ടി വിവരം അവിടെയുള്ള എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. യ്ക്ക് കൈമാറേണ്ടതാണ്.
6. എല്ലാ ആർ.ടി.ഒ. /എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. മാരും , ജോയിന്റ് ആർ.ടി.ഒ മാരും പ്രാദേശിക മാധ്യമങ്ങൾ വഴി ഇത്തരം വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കേണ്ടതും പരാതികൾ കിട്ടുന്നമുറക്ക് പരിശോധന നടത്തി കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പൊതുജനങ്ങളിൽ നിന്നും സാമൂഹികമാധ്യമങ്ങളിൽ നിന്നും കിട്ടുന്ന പരാതികളും വീഡിയോകളും പരമാവധി ഉപയോഗപ്പെടുത്തേ ണ്ടതാണ്.

പരിശോധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒഫൻസുകളും ഇ–ചെലാൻ കോഡുകളും പ്രത്യേകം ചുവടെചേർക്കുന്നു :

## Offence Code

| Sl. No | Offence code | Description |
|---|---|---|
| 1. | 6989 | Driving dangerously by passing or overtaking other vehicles in a manner contrary to law |
| 2. | 6988 | Driving dangerously by driving against the authorized flow of traffic |
| 3. | 6987 | Driving at a speed or manner which is dangerous to public or which causes sense of alarm or distress to the occupants or other road users or |

| | | |
|---|---|---|
| | | persons near the road |
| 4. | 6991 | Driving dangerously by violating a stop sign |
| 5. | 6992 | Driving dangerously by jumping read light |
| 6. | 6990 | Driving dangerously by using a hand held communication device |
| 7. | 6983 | Permitting race or trial of speed between motor vehicles without consent of State Government |
| 8. | 9661 | Taking part in race or trial of speed between motor vehicles without consent of State Government |
| 9. | 5104 | Abetment of offence under Sec.184 (Dangerous driving) |
| 10. | 6986 | Driving or attempting to drive motor vehicle by person who has alcohol in his blood exceeding 30mg/100ml |
| 11. | 7196 | Abetment of offence under Sec. 185 |
| 12. | 6985 | Driving when physically or mentally unfit |

ഇതു കൂടാതെ പരിശോധനയിൽ കണ്ടെത്തുന്ന മറ്റ് നിയമ ലംഘനങ്ങൾക്കെതിരെയും നടപടി സ്വീകരിക്കേണ്ടതാണ്.

ഓപ്പറേഷൻ റേസ് എന്ന പേരിൽ നടത്തിയ പ്രസ്തുത പരിശോധന റിപ്പോർട്ട് നോഡൽ ഓഫീസർ , സ്പെഷ്യൽ ഡ്രൈവ് , **07/07/2022** തീയതി, 2 . 00 മണിക്കകം ഇ-ചെലാനിൽ നിന്നും ജില്ലാതലത്തിൽ ക്രോഡീകരിച്ച് താഴെ നൽകിയ ഇ-മെയിൽ വിലാസത്തിൽ നൽകേണ്ടതാണ്.

1. safekerala.mvd@kerala.gov.in
2. adltc.mvd@kerala.gov.in

വിശ്വസ്തതയോടെ,

Digitally signed by PRAMOJ SANKER P S
Date:Tue Jun 21 18:12:49 IST 2022
Reason: Approved

Pramoj Sanker P S

Additional Transport Commissioner